# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 12.03.2025 മുതൽ 16.03.2025 വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/എം.പി.എം - 20/2025 | തീയ്യതി: 11/03/2025 |
|---|---|

### എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 33.4 – 34.1 | 22.2 – 25.6 | 66 - 96 | 02 - 03 |

### ബി.വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 12-03-2025 | 13-03-2025 | 14-03-2025 | 15-03-2025 | 16-03-2025 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 0.1 | 0.1 | 0.1 | 0 | 0 |
| കൂടിയതാപനില, °C | 36 | 36 | 36 | 36 | 36 |
| കുറഞ്ഞതാപനില, °C | 26 | 26 | 26 | 26 | 26 |
| കൂടിയആപേക്ഷികആർദ്രത, % | 88 | 88 | 88 | 88 | 88 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 6 | 10 | 5 | 3 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 270 | 230 | 290 | 250 | 270 |
| മേഘവിന്യാസം, ഒക്ടാ | 4 | 6 | 5 | 6 | 6 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **മഴയില്ല ****<br>പകൽസമയങ്ങളിൽ അധികരിച്ച ഊഷ്മാവ് അനുഭവപ്പെടും. അന്തരീക്ഷ ആർദ്രത സാധാരണ പോലെ ആയിരിക്കും.<br>മാർച്ച് 11 ന് നേരിയ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 2.5 മില്ലിമുതൽ 15.5 മില്ലി വരെ).<br>മാർച്ച് 12,13 ന് ശക്തികുറഞ്ഞ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 2.5 മില്ലിമുതൽ 64.4 മില്ലി വരെ).<br>മാർച്ച് 14,15 ന് മഴയില്ല. | | |
| അപായ സൂചന | മാർച്ച് 11 ന് കാസർഗോഡ് ജില്ലയിൽ പരമാവധി താപനില ഏകദേശം 38 ഡിഗ്രി സെൽഷ്യസ് ആയിരിക്കാൻ സാധ്യതയുണ്ട്. | | |

| | | | |
|---|---|---|---|
| **ആഘാതം** | മണ്ണിൽനിന്നും അമിതമായി ജലനഷ്ടം ഉണ്ടായേക്കാം.<br>നീരൂറ്റിക്കുടിക്കുന്ന കീടങ്ങളുടെ ആക്രമണം ഉണ്ടായേക്കാം.<br>സൂര്യപ്രകാശം നേരിട്ട് പതിച്ചാൽ മനുഷ്യർക്കും മൃഗങ്ങൾക്കും പൊള്ളലേൽക്കുകയും ജീവഹാനി സംഭവിച്ചേക്കാം<br>മുൻകരുതലായി പച്ചക്കറിവിളകൾക്കു ഷെയ്ഡ് നെറ്റ് ഉപയോഗിച്ച് തണൽ നൽകുകയും ജലസേചനം ഉറപ്പാക്കുകയും ചെയ്യുക | | |
| **പൊതുനിർദ്ദേശങ്ങൾ** | വിളയുടെ തടങ്ങളിൽ പുതയിടുക.<br>വൈകുന്നേരമോ അതിരാവിലെയോ വിളകൾ നനയ്ക്കുക. കണികജലസേചനം സ്വീകരിച്ചാൽ ജലനഷ്ടം കുറക്കാൻ സാധിക്കും<br>1.ലഭ്യമായ ജലസ്രോതസ്സുകളിൽ നിന്ന് ജലസേചന സൗകര്യങ്ങൾ ക്രമീകരിക്കുക.<br>2. ജല നഷ്ടം കുറയ്ക്കാനായി കൃഷിയിടങ്ങളിലെ കളകൾ നീക്കം ചെയ്യുക. മൺ കട്ടകൾ പൊട്ടിച്ച് ഉപരിതലത്ത്തിലെ മണ്ണ് പൊടിക്കുക. ജല ബാഷ്പീകരണം തടയാൻ ഇത് നല്ല പുതയായി വർത്തിക്കും.<br>3. നീർ വാർച്ചയുള്ളതും ചുരുങ്ങിയത് നാലാഴ്ച ഇടവേളകളിലായി 2 മുതൽ മൂന്നു വരെ ലഘു ജല സേചനം സാധ്യമായതും ആയ ഇടങ്ങളിൽ ചോളവും ചെറു ധാന്യങ്ങളും (മുത്താറി, കമ്പ് മുതലായവ) കൃഷി ചെയ്യാം.<br>4. നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ അധികരിക്കാൻ സാധ്യതയുണ്ട്. സംയോജിത കീട നിയന്ത്രണത്തിലൂടെ കീടങ്ങളെയും മറ്റ് പ്രാണികളെയും നിയന്ത്രിക്കുക.<br>5. ജലാശയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി പുനരുജ്ജീവിപ്പിക്കുക. | | |
| തെങ്ങ് | വിവിധ ഘട്ടം | വരൾച്ച | 1) താഴത്തെ നിരയിലെ രണ്ടു പച്ചോലകൾ വെട്ടി മാറ്റുക<br>2) തടത്തിൽ കമ്പോസ്റ്റ് വിതറുക<br>3) ഉണങ്ങിയ ഓലകൾ കൊണ്ട് പുതയിടുക<br>4) കണികാ ജലസേചനം സ്വീകരിക്കുക<br>5) തൈ തെങ്ങുകളെ തണൽ നൽകി സംരക്ഷിക്കുക |
| തെങ്ങ് | വിവിധ ഘട്ടം | തെങ്ങോലപ്പുഴു<br> | തീരപ്രദേശങ്ങളിൽ തെങ്ങോലപ്പുഴുവിന്റെ ആക്രമണം ഉണ്ടായേക്കാം. കീടബാധിതമായ ഇലകൾ വെട്ടി നശിപ്പിക്കുക. പുഴുകൾക്കെതിരെ ഗോണിയോസിസ് നെഫാന്റിഡിസ് എന്ന പരാദം ഫലപ്രദമാണ് (10 എണ്ണം /ഒരു തെങ്ങിന്). |
| വിവിധ വിളകൾ | വിവിധ ഘട്ടം | നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ<br><br>നിലവിൽ അനുഭവപ്പെടുന്ന വരണ്ട കാലാവസ്ഥ മുഞ്ഞ, തുള്ളൻ, മണ്ടരി, ചാഴി, വെള്ളീച്ച, മീലിമൂട്ട മുതലായ നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ വർദ്ധിക്കാൻ അനുയോജ്യമായ കാലാവസ്ഥയാണ്. മിക്കവയും മൊസൈക് പോലുള്ള രോഗങ്ങൾ ഉണ്ടാക്കുന്ന വൈറസിനെ പരത്തുന്നവയാണ് | 5 മില്ലി വേപ്പെണ്ണ 1 ലിറ്ററിന് 5 ഗ്രാം വീതം സോപ്പ് ലയിപ്പിച്ച ഇളം ചൂടുള്ള ലായനിയിൽ ചേർത്തിളക്കി തയ്യാറാക്കിയ കീടനാശിനി തളിക്കുക<br>അല്ലെങ്കിൽ<br>മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ കീടനാശിനി തളിക്കുക. |

| | | | |
|---|---|---|---|
| മാവ് | മാങ്ങകൾ മൂപ്പെത്തുന്ന ഘട്ടം | കായീച്ച<br> | മൂപ്പെത്തിയ മാങ്ങകൾ പഴുക്കുന്നതിനു മുമ്പെ പറിച്ചെടുക്കുക. തിളക്കുന്ന വെള്ളവും തണുത്ത വെള്ളവും തുല്യ അളവിൽ യോജിപ്പിച്ച് ഒരു ലിറ്റർ വെള്ളത്തിന് ഒരു ടേബിൾ സ്പൂൺ എന്ന തോതിൽ കറിയുപ്പ് ലയിപ്പിക്കുക. പ്രസ്തുത ലായനിയിൽ മാങ്ങകൾ 2 മിനിട്ട് നേരത്തേക്ക് മുക്കിയെടുത്ത് വെള്ളം തോർത്തി കളഞ്ഞതിനു ശേഷം പഴുക്കാൻ വെക്കുക. |
| കവുങ്ങ് | കായ്ക്കുന്ന സമയം | പൂങ്കുല കരിച്ചിൽ<br> | ഉയർന്ന താപ ആർദ്ര സ്ഥിതി തുടരുന്നതിനാൽ രോഗം ഉണ്ടാകാൻ സാധ്യത. രോഗം കാണുകയാണെങ്കിൽ ഹെക്സകൊണസോൾ 1 മില്ലി /ലിറ്റർ അല്ലെങ്കിൽ ബോർഡോ മിശ്രിതം 1 % എന്ന തോതിൽ തളിച്ച് കൊടുക്കുക. |
| പയർ | വിവിധ ഘട്ടം | മുഞ്ഞ<br> | വെളുത്തുള്ളി വേപ്പെണ്ണ മിശ്രിതം 3% വീര്യത്തിൽ അല്ലെങ്കിൽ ഡൈമെത്തോയേറ്റ് 2മില്ലി/ലി തളിക്കുക. |
| കോഴികളും വളർത്തു പക്ഷികളും | വിവിധ ഘട്ടം | വേനൽക്കാലപിരിമുറുക്കങ്ങളും രോഗങ്ങളും<br> | അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്നത് വളർത്തു കോഴികളെയും പക്ഷികളെയും പ്രതികൂലമായി ബാധിക്കും. പ്രതികൂല സാഹചര്യത്തെ പ്രതിരോധിക്കുന്നതിനായി പക്ഷികളെ സൂര്യരശ്മികൾ ഏൽക്കാത്ത വെള്ള പെയിന്റ് അടിച്ച മേൽക്കൂരകൾക്ക് താഴെ പാർപ്പിക്കുക.ഫാൻ, ദേഹത്തു തണുത്ത വെള്ളം തൂവുക എന്നിവ അവലംബിക്കുക. കുടിക്കാനായി ഐസ്, ഗ്ലൂക്കോസ് , ഒരു ശതമാനം സോഡിയം ബൈ കാർബോണറ്റ് എന്നിവ ചേർത്ത വെള്ളം നൽകുക. ചൂട് കുറഞ്ഞ രാവിലെയും വൈകുന്നേരങ്ങളിലും വിറ്റാമിനുകൾ, ഫോസ്ഫോറസ്, വൈറ്റമിൻ - സി എന്നിവ സമ്പുഷ്ടമാക്കിയ തീറ്റ നൽകുക |
| മൃഗ സംരക്ഷണം | വിവിധ ഘട്ടം | അത്യോഷ്മാവ്<br><br>അന്തരീക്ഷ ഊഷ്മാവ് അധികമാവുമ്പോൾ കൂടുതലായി അനുഭവപ്പെടുന്ന ചൂട് പുറന്തള്ളാൻ കഴിയാതെ ശരീരത്തിൽ തന്നെ അവശേഷിക്കുന്നത് വഴി മൃഗങ്ങളുടെ ശരീരം<br>താപസമ്മർദ്ദം (heat stress)-ന് അടിപ്പെടുന്നു. പശുക്കളിൽ അമിത താപസമ്മർദ്ദം ഉണ്ടാകുമ്പോൾ ഉമിനീർ ധാരാളമായി പുറന്തള്ളും. പശുക്കളുടെ സ്വാഭാവിക ദഹന വ്യവസ്ഥയെ ബാധിക്കുകയും തുടർന്ന്. തീറ്റയെടുക്കൽ കുറയുക, പ്രത്യുല്പാദന വ്യവസ്ഥയെ | തൊഴുത്തിന്റെ മേൽക്കൂര സാമാന്യം ഉയരത്തിൽ ആയിരിക്കണം. തൊഴുത്തിൽ ധാരാളം വായു സഞ്ചാരമുണ്ടായിരിക്കണം ഇടുങ്ങിയ, വായു സഞ്ചാരമില്ലാത്ത ഉയരംകുറഞ്ഞ കോൺക്രീറ്റ്, ഓട് ഷീറ്റ് എന്നീ മേൽക്കൂരകളോട് കൂടിയ തൊഴുത്തു/കൂട് മുഴുവൻ മറച്ച തൊഴുത്തുകൾ/കൂടുകൾ എന്നിവ പൂർണമായും ഒഴിവാക്കണം. തൊഴുത്തിന് ചുറ്റും തണൽവൃക്ഷങ്ങളുണ്ടെങ്കിൽ ചൂട് കുറക്കുന്നതിന് സഹായിക്കും.<br>തൊഴുത്തുകളിൽ ഫാൻ വച്ചുകൊടുക്കാം. സീലിംഗ് ഫാനുകളെക്കാൾ ഗുണം ചെയ്യുക ചുമരിൽ പിടിപ്പിക്കാവുന്ന ഫാനുകളാണ്.<br>ധാരാളം ശുദ്ധ ജലം എപ്പോഴും കുടിക്കാൻ ലഭ്യമാക്കണം. ശരീര ഭാരത്തിന്റെ 60 ശതമാനത്തിലധികം ജലാംശമാണെന്നതും പാലിൽ ജലാംശം 80 ശതമാനത്തേക്കാൾ കൂടുതലാണെന്നതും മറക്കാതിരിക്കുക.<br>എളുപ്പം ദഹിക്കുന്ന ഖരാഹാരത്തിന്റെ അളവു കൂട്ടുക. ഇതോടൊപ്പം സോഡിയം, പൊട്ടാസ്യം, സിങ്ക്, മാംഗനീസ്, കോപ്പർ എന്നിവ അടങ്ങിയ ധാതുലവണ |

| | | | |
|---|---|---|---|
| | | ബാധിക്കുക, മദിചക്രത്തെയും ഗർഭ ധാരണത്തെയും ബാധിക്കുക, ഉൽപ്പാദനം കുറയുക, പാലിന്റെ കൊഴുപ്പിന്റെ അളവ് കുറയുക എന്നിവയ്ക്ക് കാരണമായി തീരുകയും ചെയ്യും . | മിശ്രിതം കൂടി നൽകുക. ദിവസത്തിൽ ചൂടുകൂടുതലുള്ള സമയങ്ങളിൽ തീറ്റ കൊടുക്കുന്നത് ഒഴിവാക്കുക.<br>പകൽ സമയങ്ങളിൽ, തൊഴുത്തിന് വെളിയിലാണെങ്കിൽ, മൃഗങ്ങളെ തണൽ മരങ്ങളുടെ ചുവട്ടിൽ നിർത്തുക. |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത് (ഉടൻനടപടിയെടുക്കുക)** | **ജാഗ്രത (തയ്യാറാവുക)** | **ശ്രദ്ധ (കാതോർക്കുക)** | **നിസ്സാരം (നടപടികൾആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി